പ്രാധാന്യം കണക്കിലെടുത്ത് നാഷണൽ ഹൈവേ 47-ൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ബോർഡുകൾ സ്ഥാപിക്കുന്നതിനും ടൂറിസം മാപ്പിൽ ഈ സ്ഥലങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

സ്വീകരിക്കാവുന്നതാണ്.

ടൂറിസം വകുപ്പിന്റെ കീഴിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

127 (1019) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും ഏതെല്ലാം സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്നും ഇവ ഓരോന്നിന്റെയും ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾ എത്ര ആണെന്നും വ്യക്തമാക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഹോട്ടലുകളെയോ, റസ്റ്റ് ഹൗസുകളെയോ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലേക്ക് മാറ്റുവാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്നും അതിനു കാരണം എന്താണെന്നും വ്യക്തമാക്കാമോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ അതിഥി മന്ദിരങ്ങൾ, ടൂറിസം ഇൻഫർമേഷൻ കൗണ്ടറുകൾ, മന്ത്രി മന്ദിരങ്ങൾ, ടൂറിസം ഗ്യാരേജ്, കനകക്കുന്ന് കൊട്ടാരം, സെൻട്രൽ സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ ലാഭനഷ്ടങ്ങൾ കണക്കാക്കപ്പെടാറില്ല.

(ബി) ടൂറിസം വകുപ്പിന്റെ കീഴിൽ ഹോട്ടലുകളോ, റസ്റ്റ് ഹൗസുകളോ പ്രവർത്തിക്കുന്നില്ല. എന്നാൽ ആറ്റിങ്ങൽ ഗസ്റ്റ് ഹൗസ് കെ. റ്റി. ഡി. സി. യ്ക്ക് കൈമാറിക്കൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധമായ തുടർ നടപടികൾ നടന്നുവരുന്നു.

കെ. ടി. ഡി. സി. യുടെയും ടൂറിസ്റ്റ് വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളുടെ വരുമാനം

128 (1020) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് വിദേശ ടൂറിസ്റ്റുകൾ കൂടുതലായി സന്ദർശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly